(ഇ) ഇല്ല. നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് തൽക്കാലം നിർത്തിവെച്ചിരിക്കുകയാണ്.

(എഫ്) 31-5-2005-ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകിയും പൊന്നുംവില നടപടികളുടെ നിരന്തരാവലോകനത്തിലൂടെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചും പോരാതെ വരുന്ന അധിക തസ്തികകൾ വ്യയനിയന്ത്രണ ഉത്തരവിൽ അയവു വരുത്തി സൃഷ്ടിച്ചും ത്വരിതപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

ലാന്റ് അക്വിസിഷൻ തഹസിൽദാരുടെ ഓഫീസിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

126 [1352] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സിവിൽ സ്റ്റേഷനിലെ ലാന്റ് അക്വിസിഷൻ തഹസിൽദാരുടെ ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ കാലോചിതമായി നടപ്പിലാക്കാൻ പ്രാഥമിക നടപടികൾ പൂർത്തിയാക്കേണ്ട ഈ ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ;

(സി) ഈ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമായ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുവാനും ഒരു ജീപ്പ് അനുവദിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) പരിശോധിച്ചുവരികയാണ്.

(സി) ടെലിഫോൺ സൗകര്യത്തിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടാതെ 20 കാറുകളും 33 ജീപ്പും ഉൾപ്പെടെ 53 വാഹനങ്ങൾ റവന്യൂ വകുപ്പിന് വാങ്ങുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. അതിൽ ഈ ഓഫീസിനു വേണ്ടിയുള്ള വാഹനവും ഉൾപ്പെടുന്നു.

വില്ലേജ് അസിസ്റ്റന്റിന്റെ പേരിലുള്ള പരാതി

127 [1353] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ ജോലി ചെയ്യുന്ന ഏതെങ്കിലും വില്ലേജ് അസിസ്റ്റന്റിന്റെ പേരിൽ പൊതുജനങ്ങൾ പരാതി നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത വില്ലേജ് അസിസ്റ്റന്റിന്റെ പേരിൽ പല പരാതികൾ നൽകിയിട്ടും നടപടി കൈക്കൊള്ളാത്തതെന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly